STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.673/PR/SPMC/PHQ/2020 Date :26.12.2020

## ഡി.ജി.പിയുടെ ഓൺലൈൻ അദാലത്ത് ഡിസംബർ 31 ന്;

## പരിഗണിക്കുന്നത് എസ്.എ.പി, കെ.എ.പി നാല് ബറ്റാലിയനുകളിലെ പരാതികൾ

ഡിസംബർ 31 ന് നടക്കുന്ന സംസ്ഥാന പോലീസ് മേധാവിയുടെ അടുത്ത ഓൺലൈൻ പരാതിപരിഹാര പരിപാടിയിൽ എസ്.എ.പി, കെ.എ.പി നാല് ബറ്റാലിയനുകളിലെ പരാതികൾ പരിഗണിക്കും. പരാതികൾ spctalks.pol@kerala.gov.in എന്ന വിലാസത്തിൽ ഡിസംബർ 28 ന് മുമ്പ് ലഭിക്കണം. ഹെൽപ്പ് ലൈൻ നമ്പർ: 9497900243.

SPC talks with cops എന്ന് നാമകരണം ചെയ്തിരിക്കുന്ന പരിപാടിയിൽ സർവ്വീസിൽ ഉള്ളതും വിരമിച്ചതുമായ പോലീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധവും വ്യക്തിപരവുമായ പരാതികളാണ് പരിഗണിക്കുന്നത്. ഇവ നേരിട്ട് സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാം. പോലീസ് ഉദ്യോഗസ്ഥർക്ക് മേലധികാരി മുഖേന അല്ലാതെ നേരിട്ടുതന്നെ പരാതി നൽകാമെന്നതാണ് ഇതിന്റെ പ്രത്യേകത. പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതപങ്കാളിക്കും പരാതി നൽകാം. രണ്ട് പോലീസ് ജില്ലകളിൽ നിന്നുള്ള പരാതികൾ വീതം എല്ലാ ആഴ്ചയും ഓൺലൈനായി പരിഗണിക്കാനാണ് ഉദ്ദേശിക്കുന്നത്.

*************************